ഇ1 /530/2018/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി - 21/02/2018

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ്- തിരുവനന്തപുരം - എയ്ഡഡ് കോളേജുകൾ - അനദ്ധ്യാപക വിഭാഗം - തുടർച്ചയായ അഞ്ച് അവസരങ്ങൾ ലഭിച്ചിട്ടും അറ്റൻഡർ ടെസ്റ്റ് പാസാകാത്ത ലാബ്/ലൈബ്രറി അസിസ്റ്റന്റുമാരെ തരംതാഴ്ത്തുന്നതു - സംബന്ധിച്ച്

സൂചന:- 03/10/2017 - ലെ ഡി3/411/2016/ഉ.വി.വ നമ്പർ സർക്കാർ കത്ത്.

കേരളത്തിലെ എയ്ഡഡ് കോളേജുകളിൽ തുടർച്ചയായ അഞ്ചു അവസരങ്ങൾ ലഭിച്ചിട്ടും കേരള പി.എസ്.സി നടത്തുന്ന അറ്റൻഡർ പരീക്ഷ ജയിക്കാതെ സേവനത്തിൽ തുടരുന്ന ലാബ്/ലൈബ്രറി അസിസ്റ്റന്റുമാരെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് തരംതാഴ്ത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം എല്ലാ എയ്ഡഡ് കോളേജ് മാനേജർമാർക്കും നൽകിയിരുന്നു. വിരമിച്ചവരെ വിരമിച്ച തീയതി പ്രാബല്യത്തിൽ തരംതാഴ്ത്തുന്നതിനുള്ള നിർദ്ദേശം മാനേജർമാർക്കു നൽകേണ്ടതാണ്. മാർച്ച് 31 - ന് ശേഷവും അറ്റൻഡർ ടെസ്റ്റ് ജയിക്കാത്ത ജീവനക്കാർ സേവനത്തിൽ തുടരുന്നുവെങ്കിൽ ഇത്തരം ജീവനക്കാരുടെ ക്രോഡീകരിച്ച വിവരങ്ങൾ ഈ കാര്യാലയത്തെ രേഖാമൂലം അറിയിക്കേണ്ടതാകുന്നു.

ഒപ്പ്/-
ഡോ.ഡി.കെ.സതീഷ്
കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡെപ്യൂട്ടി ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, കൊല്ലം/എറണാകുളം/കോട്ടയം/തൃശ്ശൂർ/കോഴിക്കോട്. (താങ്കളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ എയ്ഡഡ് കോളേജ് മാനേജർമാരെയും അറിയിക്കേണ്ടതാകുന്നു.
2. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ (കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

//അംഗീകാരത്തോടെ//

സൂപ്രണ്ട്

എസ്.ഒ/24/02/2018

179774 GOVERNMENT OF KERALA